ശ്രീ. കെ. കുഞ്ഞമ്പു: പേരാംപ്രയിലെ ഈ കോളനി അനുവദിക്കപ്പെട്ടതു് 1958-ലാണു്. 625 രൂപ മാത്രമാണു് ഒരു ഭവനത്തിനു് അനുവദിച്ചിരുന്നതു്. ഈ സംഖ്യകൊണ്ടു വീട് പൂർത്തിയാക്കാൻ സാധിക്കുകയില്ലന്നു പിന്നീടു് കള ക്ടറുടെ റിപ്പോർട്ടു വന്നു. അതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡു് എസ്റ്റിമേറ്റു് തയ്യാറാക്കിയതു് അനുവദിച്ചു കൊടുത്തിട്ടുണ്ടു്. പക്ഷേ സാധന സാമഗ്രികളും കൊണ്ടുപോകുന്നതിനു് റോഡിന്റെ അഭാവംകൊണ്ടു് താമസം വന്നു. അതു പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ഓ. കോരൻ: സഹകാരിസംഘങ്ങൾക്കു് ഭവനനിർമ്മാണത്തിനുള്ള സംഖ്യ ഉപയോഗപ്പെടുത്തുന്നതിനു് കാലതാമസം വരുത്താതെ നടപടിയെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു : സഹകാരിസംഘങ്ങൾ 50 ശതമാനം സ്വന്തമായി ചെലവുചെയ്യണമെന്ന വ്യവസ്ഥയുണ്ടു്. എന്നാൽ മാത്രമെ, സെൻട്രൽഗവണ്മെന്റു് ആ സംഖ്യ ചെലവു ചെയ്യുകയുള്ളു, അങ്ങിനെയൊരു വിഷമമുണ്ടു്. ഈ കാര്യം പല മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളുമായി ആലോചിച്ചു് വേണ്ടതു ചെയ്യുവാൻ നടപടിയെടുത്തിട്ടുണ്ടു്.

അക്വയർ ചെയ്യുന്ന സ്ഥലത്തിന്റെ കാമ്പൻസേഷൻ

*981. [20] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെവി ഇലക്ട്രിക്കൽസ് ആൻഡ് ട്രാൻസ്ഫാമേഴ്സിനു വേണ്ടി അങ്കമാലിയിൽ അക്വയർ ചെയ്യുന്നതിനു് നോട്ടിഫൈ ചെയ്തിരിക്കുന്ന എകദേശം 200 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥന്മാർക്കു് കാമ്പൻസേഷൻ ഇതേവരെ കൊടുക്കാത്തതിന്റെ കാരണമെന്താണു്:

(ബി) വസ്തു ഉടമസ്ഥന്മാർക്കു് വില കൊടുക്കുന്നതിനു് ഇനിയെങ്കിലും സത്വരനടപടികളും എടുക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) അങ്കമാലി ഹെവി ട്രാൻസ്ഫാമേഴ്സിനു് വേണ്ടി പൊന്നും വിലയ്ക്കെടുക്കാൻ നോട്ടിഫൈ ചെയ്തിരുന്ന 238 ഏക്കർ 47 സെൻറിൽ, 61 ഏക്കർ 91 സെൻറിന്റെ നടപടി പൂർത്തിയാക്കി പണം കൊടുത്തിട്ടുണ്ടു്. ബാക്കി സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കയാണു് നടപടികളും ഏറെത്താമസിയാതെ പൂർത്തിയാകും.

(ബി) നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. എം. എ. ആൻറണി : അടുത്ത സാമ്പത്തികവർഷമെങ്കിലും പണം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതാണു ഗവണ്മെൻറിന്റെ ഉദ്ദേശം.

തടഞ്ഞുവച്ച പരീക്ഷാഫലം.

*982. [21] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പബ്ലിക്കു് പരീക്ഷയ്ക്കു് എഴുതിയ കുട്ടികളുടെ റിസൾട്ടു് തടഞ്ഞുവച്ചാൽ അതിന്റെ കാരണം അറിയിക്കുന്ന പതിവുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1961 മാർച്ചു മാസത്തിൽ എസ്. എസ്. എൽ. സി. പബ്ലിക്ക് എക്സാമിനേഷനു് എഴുതിയ എത്ര കുട്ടികളുടെ റിസൾട്ടു് തടഞ്ഞുവച്ചു ;

(സി) അതിൽ എത്രയെണ്ണം പിന്നീടു പ്രസിദ്ധീകരിച്ചു ;

(ഡി) കോഴിക്കോടു സെൻറു ജോസഫു് ബായിസു് ഹൈസ്കൂളിൽ നിന്നു 1961 മാർച്ചു മാസത്തെ പരീക്ഷയ്ക്കിരുന്ന 42 എ. നമ്പർകാരിയായ പി. പി. രാധ എന്ന കുട്ടിയുടെ റിസൾട്ടു് withhold ചെയ്യുവാൻ കാരണമെന്തു് ;

(ഈ) മേൽ റിസൾട്ടു പിന്നീടു പ്രസിദ്ധീകരിച്ചോ :

(എഫു്) ഇല്ലെങ്കിൽ കാരണമെന്തു് ;

(ജി) തൻറെ സർട്ടിഫിക്കറ്റു ബുക്കിനായി മേൽ പി. പി. രാധ അപേക്ഷ ബോധിപ്പിച്ചിട്ടും കൊടുക്കാതിരിക്കുവാൻ കാരണമെന്തു് ;

(എച്ചു്) എന്നേക്കു് സർട്ടിഫിക്കറ്റു കൊടുക്കുമെന്നു് പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) 19.

(സി) 18.

(ഡി) പ്രസ്തുത കുട്ടിയെ ചില പ്രത്യേക വ്യവസ്ഥകളിന്മേൽ ചീഫു് സൂപ്രണ്ടു് താൽക്കാലികമായി പരീക്ഷയ്ക്കു പ്രവേശിപ്പിച്ചതാണു്. നിശ്ചിത തീയതിക്കുള്ളിൽ പരീക്ഷാഫീസു് അടച്ചിരുന്നു എന്നതിനുള്ള തെളിവും ആവശ്യമായ ഇതര രേഖകളും പ്രസ്തുത കുട്ടി പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനു മുമ്പു് ഹാജരാക്കിയില്ല. അതുകൊണ്ടാണു് ഫലം തടഞ്ഞുവച്ചതു്.

(ഈ) ഇല്ല.

(എഫു്) നിയമപ്രകാരമുള്ള വ്യവസ്ഥകളും പാലിക്കാതിരുന്നതുകൊണ്ടു് പ്രസ്തുത കുട്ടിയുടെ താൽക്കാലിക പ്രവേശനം പിന്നീടു് റദ്ദു് ചെയ്യുകയുണ്ടായി.

(ജി) പ്രസ്തുത കുട്ടിയുടെ സർട്ടിഫിക്കറ്റു ബുക്കു് പരീക്ഷാബോർഡു് സിക്രട്ടറിയുടെ ആഫീസിൽ കിട്ടിയതായി കാണുന്നില്ല.

(എച്ചു്) ഉദിക്കുന്നില്ല.

ശ്രീ. കെ.മൊയ്തീൻകുട്ടിഹാജി : പരീക്ഷയ്ക്കു പണം അടയ്ക്കുകയും ബുക്കു് അയച്ചുകൊടുക്കുകയും ചെയ്തിട്ടു് കിട്ടിയിട്ടില്ലെന്നു പറഞ്ഞാൽ എന്തൊരു നിലയാണു് പാവപ്പെട്ട കുട്ടികളും സ്വീകരിക്കേണ്ടതു് ? പണം അടച്ചതിനും ലക്ഷ്യങ്ങളും ഹാജരാക്കുകയും ബുക്കു് അയച്ചതിനു രജിസ്റ്റേർഡു് അക്നോളഡ്ജുമെൻറു് ഹാജരാക്കുകയും ചെയ്തതിൻറെ ശേഷമാണു് പരീക്ഷയ്ക്കിരിക്കാൻ സമ്മതിച്ചതു്. ഇങ്ങനെയുള്ള പരിതഃസ്ഥിതി വരാതിരിക്കാൻ വേണ്ട നടപടികളും എടുക്കുമോ ? ആ കുട്ടിയുടെ എസ്. എസ്. എൽ. സി. ബുക്കെങ്കിലും തിരിച്ചു കൊടുക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : തെളിവുകളും ഒന്നും ഹാജരാക്കിയില്ലെന്നാണു് പറയുന്നതു്.

" She was directed to produce a copy of her application for admission, a certificate of remittance of examination fee and also documents to prove that she had sent the application and S. S. L. C. Book to the Director of Public Instruction's Office. She did not comply with these directions, in spite of repeated memos from the office of the Secretary, Board of Public Examinations."

ഇതു് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടു് ചെയ്തില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇതുപോലെ അയച്ചതു് കിട്ടിയിട്ടില്ലെന്നു പറഞ്ഞതു് അവസാനം ബോദ്ധ്യപ്പെട്ടത്തി മറ്റു കുട്ടികൾക്കു് സർട്ടിഫിക്കറ്റു് ഞാൻതന്നെ വാങ്ങിക്കൊടുത്തിട്ടുണ്ടു്. ഇങ്ങനെയുള്ള നില ഒഴിവാക്കാൻ നടപടിയെടുക്കുമോ ? സർട്ടിഫിക്കറ്റു് തിരിച്ചുകൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അനേകായിരം കുട്ടികൾ ചേന്നതിൽ ഒരു കുട്ടിയെ സംബന്ധിച്ചാണു് ഇങ്ങനെ തകരാറു വന്നതു്. അപ്പോൾ കാര്യക്ഷമതയില്ലാതെ ചെയ്തതുകൊണ്ടു് വന്നതല്ലെന്നു കാണാം. ഇതിൽ എന്താണു കുഴപ്പമെന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ വല്ല പരിഹാരവും ഉണ്ടാക്കാമോയെന്നു നോക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : 19 കുട്ടികളുടെ റിസൾട്ട് തടഞ്ഞുവച്ചു എന്നുപറഞ്ഞു. അതു് എന്തു കാരണത്താലാണു്: ഇങ്ങനെ തടഞ്ഞുവച്ചു് റിസൾട്ട പ്രഖ്യാപിക്കാൻ കാലതാമസം വരുന്നതുകൊണ്ടു് അവർക്കു് കാളേജിൽ പ്രവേശിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുകയും ചില കേസുകളിൽ അറൈൻഡൻസു് തികയാതെ വരികയും ചെയ്യുന്നതുകൊണ്ടു് ഈ വിഷമതകൾ ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെ വരുന്നതു് അസാധാരണമായിട്ടാണു്. പരീക്ഷയ്ക്കു ചേരുന്നതിനു് ആവശ്യമായ ഡോക്യുമെൻറസു് എല്ലാം സമയത്തു് കൊടുക്കാത്തതുകൊണ്ടാണു് ഇങ്ങനെ വരുന്നതു്. പിന്നെ പരീക്ഷയിൽ വല്ല ക്രമക്കേടു കാണിച്ചാലും ഇങ്ങനെ സംഭവിച്ചേക്കും. കഴിയുന്നത്ര കാലതാമസം വരാതിരിക്കാൻ നോക്കാമെന്നല്ലാതെ, ഇതു പരിപൂർണ്ണമായി ഒഴിവാക്കാൻ പ്രയാസമായിരിക്കും.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: പ്രസ്തുത രാധ പരീക്ഷയ്ക്കിരിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ടു്. പരീക്ഷയ്ക്കിരുന്നു് എഴുതാൻ അനുവദിക്കണമെങ്കിൽ അപേക്ഷയും ഒറിജിനൽ സർട്ടിഫിക്കറ്റുമെല്ലാം കൊടുക്കണം. പരീക്ഷയ്ക്കു എഴുതാൻ സമ്മതിച്ചിട്ടുള്ള സ്ഥിതിയിൽ ഇതെല്ലാം കൊടുത്തിട്ടുണ്ടെന്നു വളരെ സ്പഷ്ടമായിരിക്കെ സർട്ടിഫിക്കറ്റു പുസ്തകം കൊടുത്തിട്ടുണ്ടെന്നു മനസിലാക്കി അതു തിരിച്ചു കൊടുക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ.ആർ. ശങ്കർ : ആ അറേഞ്ച്മെൻറു ശരിയല്ല. ആ കുട്ടിയെ അവസാന നിമിഷത്തിൽ ഇതൊക്കെ കൊടുക്കാമെന്നുള്ള ഉറപ്പിൽ ചീഫ് സൂപ്രണ്ടു് പരീക്ഷയ്ക്കു ഇരുത്തിയതാണു്. അങ്ങനെ കണ്ടീഷനലായി റിക്കാർഡെല്ലാം കൊടുക്കാമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ പരീക്ഷയ്ക്കിരിക്കാൻ അനുവദിച്ചതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: എക്സാമിനേഷൻ ബോർഡുസെക്രട്ടറിയുടെ അടുത്തുനിന്നു 42 (എ) നമ്പർ അസൈൻചെയ്ത കിട്ടിയശേഷമാണു പരീക്ഷയ്ക്കിരുന്നതു്. കുട്ടി പഠിച്ച സ്കൂളിൽനിന്നും വിവരങ്ങൾ ശേഖരിച്ചു് ഡ്യൂപ്ലിക്കേറ്റു സർട്ടിഫിക്കറ്റു കൊടുക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ: ഇതിന്റെ മുഴുവൻ വിവരവും ലഭിക്കാതെ എനിക്കു് അതിപ്പോൾ പറയുവാനൊക്കുകയില്ല.

ഫൈൽഡ് വെൽഫയർ പ്രോജക്ടു്

* 983. [22] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) അതിയന്നൂർ ഇൻറഗ്രേറ്റഡ് ഫൈൽഡ് വെൽഫയർ പ്രോജക്ടിൽഇതിനകം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടു് ;

(ബി) ഈ പ്രോജക്ടുമായി ബന്ധപ്പെട്ടു് എത്ര കമ്മിറ്റികൾപ്രവർത്തിക്കുന്നുണ്ടു് ;

(സി) അവയിൽ ഏതെല്ലാം കമ്മിറ്റികളിൽ ആ പ്രോജക്ടു മേഖലക്കകത്തുള്ള എം. എൽ. എ-മാർ അംഗങ്ങളായുണ്ടു് ; കമ്മിറ്റി അംഗങ്ങളായ എം. എൽ. എ. മാർ. ആരെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly